**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4201** **06-03-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ വളർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സമ്പദ് വ്യവസ്ഥ സ്ഥിര വിലയിൽ 12 ശതമാനവും നടപ്പുവിലയിൽ 17 ശതമാനവും വളർച്ച നേടിയതായി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് പുറത്തുവിട്ട കണക്ക പ്രകാരം 2021-22 ൽ കേരളത്തിന്റെ സ്ഥിര വിലയിലുള്ള (Constant Price) മൊത്ത ആഭ്യന്തര ഉൽപാദന വളർച്ചാ നിരക്ക് 12.01 ശതമാനമാണ്. പ്രസ്തുത വളർച്ച ഇപ്പോഴത്തെ വിലയിൽ (Current Price) കണക്കാക്കിയാൽ 17.63 ശതമാനമാണ്. ദേശീയ വളർച്ചാ നിരക്ക് 8.7 ശതമാനം മാത്രം നിലനിൽക്കുമ്പോഴാണ് കേരളത്തിന്റെ ഈ വളർച്ച. കോവിഡിന് മുന്നേയുള്ള 2018-19 ലുള്ള നിലയുമായി താരതമ്യം ചെയ്താൽ ഇത് 15.05 ശതമാനമാവും. സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിന്റെ 2022-23 ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത വളർച്ചാ നിരക്ക് 2021-22 നെ അപേക്ഷിച്ച് 12.23% ആണ്. |
| (ബി) | കോവിഡാനന്തരം സംസ്ഥാനം കൈവരിച്ച വളർച്ച നിലനിർത്തി മുന്നോട്ട് പോകാൻ സ്വീകരിച്ചുവരുന്ന കർമ്മപരിപാടികൾ വിശദമാക്കാമോ; | (ബി) | കേന്ദ്ര സർക്കാർ അടിച്ചേൽപ്പിക്കുന്ന ധനകാര്യ യാഥാസ്ഥിതികത്വത്തെ കേരളത്തിന്റെ ബദൽ വികസന മാതൃക കൊണ്ട് നേരിടുന്ന തന്ത്രമാണ് സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്.<br><br>2021-22-ൽ കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനം സ്ഥിരവിലയിൽ 12.01 ശതമാനം കണ്ട് വളർന്നു. 2020-21 കോവിഡ് കാലഘട്ടത്തിൽ സമ്പദ്ഘടന 8.43 ശതമാനം കണ്ട് തളരുകയാണുണ്ടായത്. 2019-20-ലാകട്ടെ വളർച്ച കേവലം 0.9 ശതമാനമായിരുന്നു. ഉല്പാദന മേഖലയെയും ഉൾച്ചേർത്തുകൊണ്ടുള്ള സാമ്പത്തിക വളർച്ച നമുക്ക് നേടാനായി എന്നതാണ് മുൻവർഷങ്ങളെ അപേക്ഷിച്ച് 2021-22-ലെ സാമ്പത്തിക വളർച്ചയുടെ പ്രത്യേകത. കാർഷിക അനുബന്ധ മേഖലയിൽ 6.7 ശതമാനവും വ്യാവസായിക അനുബന്ധ മേഖലയിൽ 17.3 ശതമാനവും വളർച്ചാ നിരക്ക് കൈവരിച്ചത് |

സമീപകാല ചരിത്രത്തിലാദ്യമായാണ്. വ്യാവസായിക മേഖലയ്ക്ക ള്ളിൽ ഉല്പന്നനിർമ്മാണ മേഖലയിലാണ് (manufacturing) നിർണ്ണായകമായ വളർച്ചാനിരക്ക് കൈവരിക്കാനായത് (18.9 ശതമാനം). ഇത്തരത്തിൽ സമ്പദ് വ്യവസ്ഥയെ പുനരുദ്ദീപിപ്പിച്ച് ഉല്പാദനവും അതുവഴി വരുമാനവും വർദ്ധിപ്പിക്കുക എന്നതാണ് ഇടത് സർക്കാരിന്റെ നയം. സുസ്ഥിര വികസനമെന്ന ലക്ഷ്യം നേടുന്നതിന് ആവിഷ്കരിച്ചിട്ടുള്ള വികസന തന്ത്രങ്ങൾ ചുവടെ ചേർക്കുന്നു.

- വിലക്കയറ്റത്തിന്റെ ഭീഷണി പൂർണ്ണമായും ഒഴിഞ്ഞു മാറിയിട്ടില്ല എന്നത് പരിഗണിച്ച് ശക്തമായ വിപണി ഇടപെടലുകൾ തുടരുന്നതിനായി 2023-24 ലേയ്ക്ക് 2000 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

- റബ്ബർ കർഷകരെ സഹായിക്കുന്നതിന്റെ ഭാഗമായി റബ്ബർ സബ്സിഡിക്കുള്ള ബജറ്റ് വിഹിതം 600 കോടി രൂപയായി വർദ്ധിപ്പിച്ചു.

- നികുതി, നികുതിയേതര വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീക-രിക്കും.

- സർക്കാർ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്ന തരത്തിലുള്ള പരിഷ്കാരങ്ങൾ വ്യാപകമാക്കി.

- ഭരണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഏജൻസികൾ തമ്മിൽ ആരോഗ്യ കരമായ മത്സരം നടക്കേണ്ടതുണ്ട്. ലഭ്യമായ ബജറ്റ് വകയിരുത്തലിനുള്ളിൽ നിന്നു കൊണ്ട് കൂടുതൽ ക്ഷേമ-വികസന പ്രവർത്തനങ്ങൾ മികച്ച രീതിയിൽ ഏറ്റെടുക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് ധന സഹായം നൽകുന്നതിന് 100 കോടി രൂപ ഈ വർഷത്തേക്ക് നീക്കിവെച്ചിട്ടുണ്ട്. ഏറ്റവും മികച്ച പ്രൊപ്പോസലുകൾ തെരഞ്ഞെടുത്ത് സഹായം അനുവദിക്കും.

- പദ്ധതി ചെലവ് വിലയിരുത്തുന്നതിനായി വളരെ വിജയകരമായി ഉപയോഗിച്ചു-വരുന്ന പ്ലാൻ സ്പേസ് സംവിധാനത്തിന്റെ പുതിയ എഡിഷനിൽ സർക്കാർ വകുപ്പു-കളുടെ/ സ്ഥാപനങ്ങളുടെ കാര്യക്ഷമത/ ഉൽപ്പാദനക്ഷമത കൂടി താരതമ്യം

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനുള്ള സംവിധാനമു-ണ്ടാകും. സർക്കാർ ചെലവാക്കുന്ന പണത്തിന് ആനുപാതികമായ പ്രയോജനം ഉണ്ടാകുന്നുണ്ടെന്ന് ഉറപ്പാക്കുകയാണ് ലക്ഷ്യം. സർക്കാർ ഏജൻസികളുടെ കാര്യക്ഷമത താരതമ്യം ചെയ്യുന്ന ഇന്ത്യയിലെ തന്നെ ആദ്യത്തെ ഉദ്യമമായിരിക്കും ഇത്. പ്ലാൻ സ്പേസിന്റെ അധിക ച്ചെലവിലേക്കായി 2023-24 ബജറ്റിൽ 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>• ഭരണത്തിന്റെ കാര്യക്ഷമത ഉയർത്തുന്നതിനു വേണ്ടി കൃത്യമായ രീതിശാസ്ത്രം അവലംബിച്ച് വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് വകുപ്പുകളെ സജ്ജമാക്കുകയും ഇതിനായി പരിശീലന പരിപാടികൾ നടത്താൻ ഐ.എം.ജി യെ ചുമതലപ്പെടുത്തുകയും ചെയ്യും. മേൽ പ്രതിപാദിത പ്രവർത്തനങ്ങളിലൂടെ സർക്കാർ വകുപ്പുകളുടെ ജനങ്ങളോടുള്ള ഉത്തരവാദിത്തവും സുതാര്യതയും ഉറപ്പു വരുത്തുന്നതാണ്. |
| (സി) | സാമ്പത്തിക വളർച്ച കൈവരിയ്ക്കുന്നതിന്റെ ഭാഗമായി ഉല്പാദന മേഖലകളുടെ ഉത്തേജനം സാധ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; ഇതുവഴി പ്രതീക്ഷിക്കുന്ന ഉയർന്ന ഉല്പാദനവും തൊഴിലവസരങ്ങളും സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ ഉണ്ടാക്കാൻ പോകുന്ന മാറ്റങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ? | (സി) | കേന്ദ്ര സർക്കാർ അടിച്ചേൽപ്പിക്കുന്ന ധനകാര്യ യാഥാസ്ഥിതികത്വത്തെ കേരളത്തിന്റെ ബദൽ വികസന മാതൃക കൊണ്ട് നേരിടുന്ന തന്ത്രമാണ് സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്.<br><br>2021-22-ൽ കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനം സ്ഥിരവിലയിൽ 12.01 ശതമാനം കണ്ട് വളർന്നു. 2020-21 കോവിഡ് കാലഘട്ടത്തിൽ സമ്പദ്ഘടന 8.43 ശതമാനം കണ്ട് തളരുകയാണുണ്ടായത്. 2019-20-ലാകട്ടെ വളർച്ച കേവലം 0.9 ശതമാനമായിരുന്നു. ഉല്പാദന മേഖലയെയും ഉൾച്ചേർത്തുകൊണ്ടുള്ള സാമ്പത്തിക വളർച്ച നമുക്ക് നേടാനായി എന്നതാണ് മുൻവർഷങ്ങളെ അപേക്ഷിച്ച് 2021-22-ലെ സാമ്പത്തിക വളർച്ചയുടെ പ്രത്യേകത. കാർഷിക അനുബന്ധ മേഖലയിൽ 6.7 ശതമാനവും വ്യാവസായിക അനുബന്ധ മേഖലയിൽ 17.3 ശതമാനവും വളർച്ചാ നിരക്ക് കൈവരിച്ചത് സമീപകാല ചരിത്രത്തിലാദ്യമായാണ്. വ്യാവസായിക മേഖലയ്ക്കു ള്ളിൽ ഉല്പന്നനിർമ്മാണ മേഖലയിലാണ് (manufacturing) നിർണ്ണായകമായ വളർച്ചാനിരക്ക് കൈവരിക്കാനായത് (18.9 ശതമാനം). ഇത്തരത്തിൽ സമ്പദ് വ്യവസ്ഥയെ പുനരുദ്ദീപിപ്പിച്ച് ഉല്പാദനവും അതുവഴി വരുമാനവും വർദ്ധിപ്പിക്കുക എന്നതാണ് ഇടത് സർക്കാരിന്റെ നയം. സുസ്ഥിര വികസനമെന്ന ലക്ഷ്യം നേടുന്നതിന് |

ആവിഷ്കരിച്ചിട്ടുള്ള വികസന തന്ത്രങ്ങൾ ചുവടെ ചേർക്കുന്നു.

- വിലക്കയറ്റത്തിന്റെ ഭീഷണി പൂർണ്ണമായും ഒഴിഞ്ഞു മാറിയിട്ടില്ല എന്നത് പരിഗണിച്ച് ശക്തമായ വിപണി ഇടപെടലുകൾ തുടരുന്നതിനായി 2023-24 ലേയ്ക്ക് 2000 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.
- റബ്ബർ കർഷകരെ സഹായിക്കുന്നതിന്റെ ഭാഗമായി റബ്ബർ സബ്സിഡിക്കുള്ള ബജറ്റ് വിഹിതം 600 കോടി രൂപയായി വർദ്ധിപ്പിച്ചു.
- നികുതി, നികുതിയേതര വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീക-രിക്കും.
- സർക്കാർ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്ന തരത്തിലുള്ള പരിഷ്കാരങ്ങൾ വ്യാപകമാക്കി.
- ഭരണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഏജൻസികൾ തമ്മിൽ ആരോഗ്യ കരമായ മത്സരം നടക്കേണ്ടതുണ്ട്. ലഭ്യമായ ബജറ്റ് വകയിരുത്തലിനുള്ളിൽ നിന്നു കൊണ്ട് കൂടുതൽ ക്ഷേമ-വികസന പ്രവർത്തനങ്ങൾ മികച്ച രീതിയിൽ ഏറ്റെടുക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് ധന സഹായം നൽകുന്നതിന് 100 കോടി രൂപ ഈ വർഷത്തേക്ക് നീക്കിവെച്ചിട്ടുണ്ട്. ഏറ്റവും മികച്ച പ്രൊപ്പോസലുകൾ തെരഞ്ഞെടുത്ത് സഹായം അനുവദിക്കും.
- പദ്ധതി ചെലവ് വിലയിരുത്തുന്നതിനായി വളരെ വിജയകരമായി ഉപയോഗിച്ചു-വരുന്ന പ്ലാൻ സ്പേസ് സംവിധാനത്തിന്റെ പുതിയ എഡിഷനിൽ സർക്കാർ വകുപ്പു-കളുടെ/ സ്ഥാപനങ്ങളുടെ കാര്യക്ഷമത/ ഉൽപ്പാദനക്ഷമത കൂടി താരതമ്യം ചെയ്യുന്നതിനുള്ള സംവിധാനമു-ണ്ടാകും. സർക്കാർ ചെലവാക്കുന്ന പണത്തിന് ആനുപാതികമായ പ്രയോജനം ഉണ്ടാകുന്നുണ്ടെന്ന് ഉറപ്പാക്കുകയാണ് ലക്ഷ്യം. സർക്കാർ ഏജൻസികളുടെ കാര്യക്ഷമത താരതമ്യം ചെയ്യുന്ന ഇന്ത്യയിലെ തന്നെ ആദ്യത്തെ ഉദ്യമമായിരിക്കും ഇത്. പ്ലാൻ സ്പേസിന്റെ അധിക ചെലവിലേക്കായി

| | | | |
|---|---|---|---|
| | | | 2023-24 ബജറ്റിൽ 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>• ഭരണത്തിന്റെ കാര്യക്ഷമത ഉയർത്തുന്നതിനു വേണ്ടി കൃത്യമായ രീതിശാസ്ത്രം അവലംബിച്ച് വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് വകുപ്പുകളെ സജ്ജമാക്കുകയും ഇതിനായി പരിശീലന പരിപാടികൾ നടത്താൻ ഐ.എം.ജി യെ ചുമതലപ്പെടുത്തുകയും ചെയ്യും. മേൽ പ്രതിപാദിത പ്രവർത്തനങ്ങളിലൂടെ സർക്കാർ വകുപ്പുകളുടെ ജനങ്ങളോടുള്ള ഉത്തരവാദിത്തവും സുതാര്യതയും ഉറപ്പു വരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ